

# സമ്പൂർണ്ണകൃതികൾ: ഭാഗം VI

കെ. ദാമോദരൻ



## 13. മിതവാദികളും തീവ്രവാദികളും

# സമ്പൂർണ്ണകൃതികൾ: ഭാഗം VI

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


13 മിതവാദികളും തീവ്രവാദികളും . . . . . . . . . . . . . 1

1 ദേശീയബൂർഷ്വാസിയുടെ വ്യാമോഹങ്ങൾ . . . . . . . . . . . . 2

2 നാഷണൽ കോൺഗ്രസിന്റെ ആദ്യനാളുകൾ . . . . . . . . . . . . . 3

3 മിതവാദികളുടെ ആവശ്യങ്ങൾ . . . . 4

4 തീവ്രവാദികളുടെ അരങ്ങേറ്റം . . . . . 5

5 ബംഗാൾ വിഭജനം . . . . . . . . . . . 6

# 13

# മിതവാദികളും തീവ്രവാദികളും

വ്യാപാരത്തിനു വേണ്ടിയാണ് ബ്രിട്ടീഷ് മുതലാളികൾ ഇന്ത്യയിൽ വന്നത്. ബ്രിട്ടീഷ് വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃത സാമഗ്രികൾ കൊണ്ടുപോവുക, ബ്രിട്ടനിൽ നിർമ്മിക്കപ്പെട്ട വ്യാവസായികോൽപന്നങ്ങൾ ഇന്ത്യയിൽ വിറ്റഴിക്കുക—ഇതായിരുന്നു അവരുടെ ഉദ്ദേശ്യം. എന്നാൽ, പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യമായപ്പോഴേക്കും അതിപ്രധാനമായ ചില മാറ്റങ്ങളുണ്ടായി. ചരക്കുകൾ വിറ്റഴിക്കുന്നതിനുപുറമെ ഇന്ത്യയിൽ നേരിട്ട് മൂലധനമിറക്കി വ്യവസായങ്ങൾ സ്ഥാപിക്കുന്നത് കൂടുതൽ ആദായകരമായിരിക്കുമെന്ന് അവർ മനസ്സിലാക്കി. അങ്ങനെ വ്യാപാരമുതലാളികൾ വ്യവസായ മുതലാളികളായി മാറി. റെയിൽവേയിൽ മാത്രമല്ല, കമ്പിളിത്തുണി–ചണ–കടലാസ്സ് മില്ലുകളിലും മറ്റനേകം സ്ഥാപനങ്ങളിലും ബ്രിട്ടീഷ് വ്യവസായികൾ മൂലധനം നിക്ഷേപിക്കാൻ ധൈര്യപ്പെട്ടു. ബ്രിട്ടീഷുടമസ്ഥതയിൽ കാപ്പി, തേയില, നീലം എന്നിവയുൽപ്പാദിപ്പിക്കുന്ന തോട്ടങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യക്ഷപ്പെട്ടു. ഇന്ത്യൻ ജനങ്ങൾക്കിടയിലെ ധനികവിഭാഗങ്ങൾ ഈ പുതിയ വികാസത്താൽ ആകൃഷ്ടരായി. തുടക്കം മുതൽക്കു തന്നെ, അവരിൽ ചിലർ ബ്രിട്ടീഷ് വാണിജ്യവുമായി ബന്ധം പുലർത്തിപ്പോന്നിരുന്നു. എന്നാൽ, പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ അവർ ബ്രിട്ടീഷ് മുതലാളികളുടെ മാതൃക സ്വീകരിച്ചുകൊണ്ട് തങ്ങളുടെ മൂലധനത്തിലൊരുഭാഗം വാണിജ്യത്തിൽ നിന്നു വ്യവസായത്തിലേക്ക് തിരിച്ചുവിടാൻ തുടങ്ങി. 1858-ൽ ഇന്ത്യൻ മൂലധനത്തോടെ ഒരു പരുത്തിമിൽ സ്ഥാപിക്കപ്പെട്ടു. 1980 ആയപ്പോഴേക്കും ഇന്ത്യക്കാരുടെ ഉടമസ്ഥതയിൽ 150-ൽപ്പരം മില്ലുകളുണ്ടായിക്കഴിഞ്ഞിരുന്നു. അവയിൽ 50,000ത്തോളം തൊഴിലാളികൾ ജോലി ചെയ്യുന്നുമുണ്ടായിരുന്നു. മറ്റു വ്യവസായങ്ങളും രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ സ്ഥാപിക്കപ്പെടാൻ തുടങ്ങി. ബ്രിട്ടീഷ് മുതലാളിമാർ ഇന്ത്യയിൽ തങ്ങളുടെ ആധിപത്യമുറപ്പിക്കുകയും രാജ്യത്തിന്റെ സമ്പദ്ഘടനയിലും രാഷ്ട്രീയ ഭരണയന്ത്രത്തിലും സ്വയം ആണ്ടിറങ്ങുകയും ചെയ്തപ്പോഴേക്കും ഇവിടെ ദേശീയ ബൂർഷ്വാസി ആവിർഭവിക്കുകയും ഒരു വർഗ്ഗമായി സ്വയം ഉറയ്ക്കുകയും ചെയ്തുകഴിഞ്ഞിരുന്നു.

## 1 ദേശീയബൂർഷ്വാസിയുടെ വ്യാമോഹങ്ങൾ

എന്നാൽ, ഈ ദേശീയ വ്യവസായത്തിന് തുടക്കം മുതൽക്കേ കനത്ത പ്രതിബന്ധങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നു. റെയിൽവേകളും വാർത്താവിനിമയ മാർഗ്ഗങ്ങളും ബാങ്കുകളും വിദേശവ്യാപാരവും എല്ലാം നിയന്ത്രിച്ചിരുന്നത് ബ്രിട്ടീഷുകാരാണ്. അവർ സ്വാഭാവികമായും ബ്രിട്ടീഷ് ഉടമസ്ഥതയിലുള്ള വ്യവസായങ്ങൾക്കാണ് പ്രോത്സാഹനം നൽകിയത്. എന്നല്ല, അതിലുമുപരി, ഇന്ത്യയിൽ ഘനവ്യവസായം വൻതോതിൽ വികസിക്കുന്നതു തടയുകയും അങ്ങനെ ഇന്ത്യൻ വ്യവസായത്തിന് യന്ത്രസാമഗ്രികളും മറ്റു സജ്ജീകരണങ്ങളും ലഭിക്കുന്നതിനുള്ള ദേശീയസാങ്കേതികാടിസ്ഥാനം നഷ്ടപ്പെടുത്തുകയും ചെയ്തു. അത്തരം സാഹചര്യങ്ങളിൽ ഇന്ത്യയിലെ ദേശീയബൂർഷ്വാസിക്ക് ധനപരമായ വായ്പകൾക്കും വ്യാവസായിക യന്ത്രസാമഗ്രികൾക്കും ചരക്കുകളുടെ വില്പനയ്ക്കും മറ്റും ബ്രിട്ടനു കീഴൊതുങ്ങി നിൽക്കുകയും ബ്രിട്ടനെ ആശ്രയിക്കുകയും ചെയ്യുകയല്ലാതെ വേറെ വഴിയൊന്നുമുണ്ടായിരുന്നില്ല. ഘനവ്യവസായങ്ങളുടെ അഭാവം മുതലാളിത്തത്തിന്റെ വികസനത്തെ അങ്ങേയറ്റം മന്ദഗതിയിലാക്കിത്തീർത്തു. ഈ സ്ഥിതിയിൽ നാടുവാഴിത്തബന്ധങ്ങളെ ത്വരിതമായും പൂർണ്ണമായും നിർമാർജ്ജനം ചെയ്യുക സാദ്ധ്യമായിരുന്നില്ല. ആധുനികതയ്ക്കെതിരായ നാടുവാഴികളെ പ്രീണിപ്പിച്ച് തങ്ങളുടെ ഭാഗത്ത് അണിനിരത്താനാണ് ബ്രിട്ടീഷ് മുതലാളിമാർ ശ്രമിച്ചത്. ചുരുക്കിപ്പറഞ്ഞാൽ, ഇന്ത്യയിലെ ദേശീയവ്യവസായങ്ങൾ വളരാൻ തുടങ്ങിയത് കോളനി മേധാവിത്വത്തിന്റെയും നാടുവാഴിത്തത്തിന്റെയും ചട്ടക്കൂട്ടിനകത്താണ്. നാടുവാഴിത്താവശിഷ്ടങ്ങളും ആധുനികവ്യവസായങ്ങളും ഒപ്പമൊപ്പം നിലനിന്നുപോന്നു. ഇതാണ് ഇന്ത്യൻ മുതലാളിത്തത്തിന്റെ ഒരു സവിശേഷത. ഈ സവിശേഷതയാണ് ദേശീയബൂർഷ്വാസിയുടെ സാമൂഹ്യ–രാഷ്ട്രീയ പ്രസ്ഥാനങ്ങളെയും അതുപോലെതന്നെ അവരുടെ ലോകവീക്ഷണത്തെയും പാകപ്പെടുത്തിയത്. അവർ വെച്ചുപുലർത്തിയിരുന്ന വ്യാമോഹങ്ങളും ബ്രിട്ടീഷ് ബൂർഷ്വാസിയുടെ പങ്കാളികളായി തീരാനുള്ള അവരുടെ അഭിലാഷങ്ങളും ബ്രിട്ടീഷ് ഗവണ്മെന്റിന്റെ നന്മയിലും ദയാദാക്ഷിണ്യങ്ങളിലും അവർക്കുണ്ടായിരുന്ന ഉറച്ച വിശ്വാസവുമാണ് 1885-ൽ സ്ഥാപിക്കപ്പെട്ട ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യകാലത്തെ ഏതാനും സമ്മേളനങ്ങളുടെ നടപടികളിൽ പ്രതിഫലിച്ചിരുന്നത്. കോൺഗ്രസിന്റെ നയം “നമ്മുടെ പ്രിയപ്പെട്ട റിപ്പൺ പ്രഭുവിന്റെ വാഴ്ചക്കാലത്ത് സംജാതമായ ദേശീയ ഐക്യവികാരങ്ങളെ ഇനിയും വളർത്തുകയും ദൃഢീകരിക്കുകയും ചെയ്യാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാ”ണെന്ന് കോൺഗ്രസിന്റെ പ്രഥമ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച ഡബ്ളിയു. സി. ബാനർജി പ്രഖ്യാപിക്കുകയുണ്ടായി. അതേ സമ്മേളനത്തിൽ ഒന്നാമത്തെ പ്രമേയമവതരിപ്പിച്ചുകൊണ്ട് പ്രസംഗിച്ച ആൾ ഉൽഘോഷിച്ചു. “ദൈവാനുഗ്രഹം”കൊണ്ടാണ് ബ്രിട്ടൻ ഇന്ത്യയെ “ആഭ്യന്തരമായ അരാജകത്വത്തിൽ നിന്നും വിദേശത്തുനിന്നുള്ള ആക്രമണങ്ങളിൽ നിന്നും രക്ഷപെടുത്തിയത്”. ബ്രിട്ടീഷ് രാഷ്ട്രീയാധികാരത്തെ മാനിക്കാനും പിന്താങ്ങാനും അദ്ദേഹം ഇന്ത്യൻ ജനങ്ങളെ ആഹ്വാനം ചെയ്തു.

## 2 നാഷണൽ കോൺഗ്രസിന്റെ ആദ്യനാളുകൾ

ഡബ്ല്യു. സി. ബാനർജി, സുരേന്ദ്രനാഥ ബാനർജി, ആനന്ദമോഹൻ ബോസ്, റാഷ് ബിഹാരിഘോഷ്, ദാദാഭായി നവറോജി, ഫിറോസ് ഷാ മേത്ത, ഗോപാലകൃഷ്ണ ഗോഖലെ, സുബ്രഹ്മണ്യയ്യർ മുതലായവരും ഹ്യൂമിനെയും വെഡ്ഡർ വേണിനെയും പോലുള്ള ഏതാനും ഇംഗ്ലീഷുകാരും ആയിരുന്ന കോൺഗ്രസിന്റെ ആദ്യകാല നേതാക്കൾ. അവരെ സംബന്ധിച്ചിടത്തോളം ബ്രിട്ടീഷ് ഭരണം അവസാനിപ്പിക്കാൻ എന്തെങ്കിലും പരിപാടി മുന്നോട്ടു വയ്ക്കുക എന്ന പ്രശ്നമേ ഉണ്ടായിരുന്നുള്ളൂ. എന്നുമാത്രമല്ല, ബ്രിട്ടീഷുകാരുടെ ജനാധിപത്യത്തിലും നീതിന്യായത്തിലും അവർക്ക് അതിരുകവിഞ്ഞ വിശ്വാസമുണ്ടായിരുന്നു താനും. 1895-ൽ പോലും സുരേന്ദ്രനാഥബാനർജി ഇങ്ങനെ എഴുതുകയുണ്ടായി: "പ്രചോദനത്തിനും മാർഗ്ഗദർശനത്തിനും ഇംഗ്ലണ്ടിന്റെ നേർക്കാണ് നമ്മൾ നോക്കുന്നത്. ഇംഗ്ലണ്ടാണ് നമ്മുടെ രാഷ്ട്രീയനേതാവ്. ഇംഗ്ലീഷുകാരുടെ വിശാലമനസ്കതയിലും നീതിബോധത്തിലും നമുക്ക് വലിയ വിശ്വാസമുണ്ട്. പാർലമെന്റുകളുടെ മാതാവായ ബ്രിട്ടീഷ് കോമൺസ് സഭയിൽ, ലോകത്തിലെ ഏറ്റവും വലിയ ആ പ്രതിനിധിസഭയിൽ, നമുക്ക് അങ്ങേയറ്റത്തെ വിശ്വാസമുണ്ട്. ഇംഗ്ലീഷുകാർ എവിടെയെല്ലാം തങ്ങളുടെ കൊടി പറപ്പിക്കുകയും തങ്ങളുടെ ഭരണം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടോ, അവിടെയെല്ലാം പ്രാതിനിധ്യഭരണത്തിന്റെ മാതൃകയായിട്ടാണ് അവയെ രൂപവൽക്കരിച്ചിട്ടുള്ളത്".

ഇന്ത്യയെ ഭൗതികമായും ധാർമ്മികമായും കൊള്ളയടിച്ചുകൊണ്ടിരിക്കുന്നത് വമ്പിച്ച ഒരു കലാപത്തിനിടയാക്കുമെന്നും ആ കലാപംകൊണ്ട് ഇന്ത്യ ഒന്നുകിൽ സ്വേച്ഛാധിപത്യത്തിന്റെ ചവിട്ടടിയിൻ കീഴിൽ അധികമധികം അടിച്ചമർത്തപ്പെടുകയോ അല്ലെങ്കിൽ ദുർഭരണത്തിന്റെയും അധികാരത്തിന്റെയും കൈകളെ ഞെരിച്ചുകളയുകയോ ചെയ്യേക്കുമെന്നും മുന്നറിയിപ്പുനൽകിയ ദാദാഭായ് നവറോജി പോലും താഴെപ്പറയുംവിധം തുടർന്നു പറയാൻ തിടുക്കപ്പെടുകയുണ്ടായി: "ബ്രിട്ടീഷ് ഭരണത്തിന്റെ ഫലം അങ്ങനെ തന്നെയായിരിക്കണമെന്നു ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുകയോ ആശിക്കുകയോ ചെയ്യുന്നില്ല. ഈ ഭരണത്തിൽ ഇന്ത്യയ്ക്കും ഇംഗ്ലണ്ടിനും ഒരുപോലെ അളവറ്റ നന്മയുളവാക്കുന്ന പല അംശങ്ങളുമുണ്ട്".

## 3 മിതവാദികളുടെ ആവശ്യങ്ങൾ

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ മിതവാദി നേതാക്കൾ യാതൊരു ബഹുജനപ്രസ്ഥാനത്തെയും പ്രോത്സാഹിപ്പിച്ചിരുന്നില്ല. അവരിൽ ചിലർ ദേശീയ കലാപകാരികൾക്കെതിരായി സാമ്രാജ്യവാദികൾ കൈക്കൊണ്ടിരുന്ന നിഷ്ഠുര നടപടികളെ പിന്താങ്ങുക പോലും ചെയ്തു. രാജ്യത്തിന്റെ വ്യവസായവൽക്കരണത്തിനും പുരോഗമനപരമായ ഭരണപരിഷ്ക്കാരങ്ങൾക്കും വേണ്ടി ഇംഗ്ലണ്ടിലെ പ്രബുദ്ധമായ പൊതുജനാഭിപ്രായത്തിന്റെയും ബ്രിട്ടീഷ് ഗവണ്മെന്റിന്റെയും നേർക്കാണ് അവർ ഉറ്റുനോക്കിയിരുന്നത്. മുഖ്യമായും ബൂർഷ്വാ ബുദ്ധിജീവികൾക്കും ഇടത്തരക്കാരായ സ്വത്തുടമസ്ഥന്മാർക്കും ഉൽപതിഷ്ണുക്കളായ ഭൂപ്രഭുക്കന്മാർക്കുമിടയിലായിരുന്നു അവരുടെ പ്രവർത്തനങ്ങൾ. ബ്രിട്ടീഷ് നീതിബോധത്തിൽ ആത്മാർത്ഥമായ വിശ്വാസമുണ്ടായിരുന്നതുകൊണ്ട് ഈ നേതാക്കന്മാർ ഇന്ത്യക്കാരുടെ ആവശ്യങ്ങളുടെ ന്യായത ബ്രിട്ടീഷ് പൊതുജനങ്ങളെ ബോധ്യപ്പെടുത്താനും അതേസമയത്ത് ഇന്ത്യയിലെ വിദ്യാഭ്യാസസൗകര്യങ്ങൾ വർദ്ധിപ്പിക്കാനും അങ്ങനെ അഭിജ്ഞരായ പൗരന്മാരുടെ ഒരു തലമുറയെ വളർത്തിക്കൊണ്ടുവരാനും തിരഞ്ഞെടുക്കപ്പെട്ട കൗൺസിലുകളിൽ ഇന്ത്യക്കാർക്കു കൂടുതൽ നല്ല പ്രാതിനിധ്യം ഏർപ്പെടുത്തിക്കിട്ടാനുമുള്ള ഒരു ദ്വിമുഖപരിപാടി അംഗീകരിച്ചു. ഇന്ത്യൻ വ്യവസായങ്ങൾക്കു പ്രോത്സാഹനം നൽകണമെന്നും പൊതുസർവീസിലേക്കുള്ള നിയമനങ്ങളിൽ ഇന്ത്യക്കാർക്ക് തുല്യാവകാശങ്ങളനുവദിക്കണമെന്നും “തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെ ഗണ്യമായ തോതിൽ പ്രവേശിപ്പിച്ച് പരമാധികാര കൗൺസിലും നിലവിലുള്ള നിയമനിർമ്മാണ കൗൺസിലും പരിഷ്ക്കരിക്കുകയും വികസിപ്പിക്കുകയും” ചെയ്യണമെന്നും എല്ലാ ബജറ്റുകളും കൗൺസിലുകളുടെ തീരുമാനത്തിനു വിടണമെന്നും അവർ ആവശ്യപ്പെട്ടു. മറ്റുവാക്കുകളിൽ പറഞ്ഞാൽ, ബ്രിട്ടീഷ് ലിബറലിസത്തിന്റെ സിദ്ധാന്തങ്ങൾ ഇന്ത്യയുടെ ഭരണകാര്യങ്ങളിൽ പ്രായോഗികമാക്കണമെന്നു മാത്രമാണ് ഈ മിതവാദി നേതാക്കൾ ആഗ്രഹിച്ചിരുന്നത്. എങ്കിലും, അവരുടെ ആവശ്യങ്ങൾ ഇന്ത്യയിലെ ജനങ്ങളും ബ്രിട്ടീഷ് ഭരണാധികാരിവർഗ്ഗങ്ങളും തമ്മിലുള്ള മൗലികമായ സാമ്പത്തികവൈരുദ്ധ്യങ്ങളെ വെളിപ്പെടുത്തുന്നവയായിരുന്നു. അങ്ങനെ ആ പ്രത്യേക സാഹചര്യങ്ങളിൽ അവർ പുരോഗമനപരമായ ഒരു പങ്കാണ് വഹിച്ചത്.

പ്രാരംഭഘട്ടങ്ങളിൽ ബ്രിട്ടീഷ് ഗവണ്മെന്റ് ഇന്ത്യൻ നാഷണൽ കോൺഗ്രസിനെ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്തത്. എന്തുകൊണ്ടെന്നാൽ, കോൺഗ്രസ് ഇന്ത്യയിലെ അസ്വസ്ഥതയെയും ബ്രിട്ടീഷ് വിരുദ്ധവികാരങ്ങളെയും ആരോഗ്യകരമായ ഒരു രാജഭക്തി പ്രസ്ഥാനത്തിലേക്കു തിരിച്ചുവിടാൻ പരിശ്രമിക്കുമെന്ന് ഗവണ്മെന്റ് ആശിച്ചിരുന്നു. കോൺഗ്രസിന്റെ രൂപവൽക്കരണത്തിന് ഔദ്യോഗികാനുഗ്രഹങ്ങൾ നൽകിയ ഇന്ത്യാ വൈസ്രോയി ഡഫറിൻ പ്രഭു 1886-ൽ എഴുതുകയുണ്ടായി: “ഞാൻ കണ്ടിട്ടുള്ള ഇന്നാട്ടുകാർക്കിടയിൽ പ്രാപ്തരും വിവേകശാലികളുമായ ആളുകൾ ധാരാളമുണ്ട്. അവരുടെ കുറ്ററ്റ സഹകരണത്തെ നിസ്സംശയം വിശ്വസിച്ചുറപ്പിച്ചിരിക്കാവുന്നതാണ്. അവർ ഗവണ്മെന്റിനെ പിന്താങ്ങുന്നുവെന്ന വസ്തുത ഗവണ്മെന്റിന്റെ നടപടികളിൽ പലതിനും ജനകീയപിന്തുണ നേടിത്തരും—ഇപ്പോൾ ആ നടപടികൾക്ക് നിയമസഭയിലൂടെ ബലം പ്രയോഗിച്ചു പാസ്സാക്കിയെടുക്കുന്ന ഒരു മട്ടാണല്ലോ ഉള്ളത്. മാത്രമല്ല, അവർക്ക് അവരുടെ പിന്നിൽ ഒരു നാടൻ പാർട്ടിയുണ്ടെങ്കിൽ, ഇന്ത്യാ ഗവണ്മെന്റിന്, ഇപ്പോൾ വേണ്ടിവരുന്നതുപോലെ, കാറ്റും കോളും നിറഞ്ഞ കടലിൽ നടുവിൽ സ്ഥിതിചെയ്യുന്നതും നാലുഭാഗത്തുനിന്നും ഒരേസമയത്ത് അലമാലകൾ ചുറ്റിലും വന്നടിച്ചു കൊണ്ടിരിക്കുന്നതുമായ, ഒറ്റപ്പെട്ട ഒരു പാറപോലെ നിലകൊള്ളേണ്ടിവരില്ല”.

എന്നാൽ, ഈ അനുഭാവപൂർവമായ നയം ദീർഘകാലം നീണ്ടുനിൽക്കുകയുണ്ടാവില്ല. ഭരണസമ്പ്രദായത്തിലെ മാറ്റങ്ങൾക്കുവേണ്ടി നാഷണൽ കോൺഗ്രസ് ഉന്നയിച്ച ആവശ്യങ്ങളെ, അവ എത്രതന്നെ മിതമായും ഭരണഘടനാവിധേയമായുമാണ് ഉന്നയിക്കപ്പെട്ടിരുന്നതെങ്കിലും, ബ്രിട്ടീഷ് ഭരണാധികാരികൾ എതിർക്കാൻ തുടങ്ങി. അതോടെ ദേശീയപ്രബുദ്ധത നേടിയ ജനവിഭാഗങ്ങൾക്കിടയിലെ പ്രക്ഷുബ്ധാവസ്ഥ കൂടുതൽ പരന്നുപിടിച്ചു. ഇടത്തരക്കാരായ ബുദ്ധിജീവികൾ, അഭിഭാഷകന്മാർ, വിദ്യാർത്ഥികൾ, എഴുത്തുകാർ, അദ്ധ്യാപകർ, കൃഷിക്കാർ, വ്യാവസായിക തൊഴിലാളികൾ എന്നിവരെല്ലാം പതുക്കെപ്പതുക്കെ നാഷണൽ കോൺഗ്രസിന്റെ പിന്നിൽ അണിനിരന്നു. ബ്രിട്ടീഷുകാർക്കെതിരായി കൂടുതൽ ഉറച്ച നടപടികൾ കൈക്കൊള്ളണമെന്ന ആവശ്യം പൊന്തിവന്നു. തൊഴിലാളികളും കൃഷിക്കാരും ചെറുത്തുനിൽപ്പിൽ കൂടുതൽ ധൈര്യമവലംബിച്ചു. അവരുടെ പ്രക്ഷോഭങ്ങൾ വർഷംപ്രതി വർദ്ധിച്ചുവരികയും ചെയ്തു. ദേശീയപ്രസ്ഥാനം അനുക്രമംവളർന്നു. അതേ അവസരത്തിൽ, വർദ്ധമാനമായ തൊഴിലില്ലായ്മയും കൊളോണിയലിസ്റ്റ് നയംമൂലമുളവായ അസ്വസ്ഥതയും ജനങ്ങളുടെ രോഷത്തെ ഉൽക്കടമാക്കിത്തീർത്തു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും ബംഗാൾ, ബീഹാർ, മഹാരാഷ്ട്രം തുടങ്ങിയ സംസ്ഥാനങ്ങളിൽ ബ്രിട്ടീഷ് ഭരണത്തെ ബലംപ്രയോഗിച്ച് മറിച്ചിടുന്നതിനുള്ള വിപ്ലവപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്ന പ്രഖ്യാപിതോദ്ദേശ്യത്തോടെ പല രഹസ്യസംഘടനകളും രൂപവൽക്കരിക്കപ്പെട്ടു. കോൺഗ്രസ് നേതൃത്വത്തിലെ മിതവാദിവിഭാഗം ഈ പുതിയ പ്രവണതയെ തീരെ ഇഷ്ടപ്പെട്ടില്ല. അവരുടെ നിലപാട് ഗോഖലെ 1905-ലെ കോൺഗ്രസ് സമ്മേളനത്തിൽ ചെയ്ത തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ താഴെപ്പറയുംവിധം വിശദീകരിക്കുകയുണ്ടായി: “ഭാഗ്യവശാലോ നിർഭാഗ്യവശാലോ നമ്മുടെ ഭാഗധേയങ്ങൾ ഇപ്പോൾ ഇംഗ്ലണ്ടിന്റേതുമായി കൂട്ടിയിണക്കപ്പെട്ടിരിക്കുന്നു; എന്നല്ല, എന്തുതന്നെ പുരോഗതി നാം തേടുന്നതായാലും അതു സാമ്രാജ്യത്തിനകത്തു തന്നെയായിരിക്കണമെന്ന് കോൺഗ്രസ് പരസ്യമായി അംഗീകരിക്കുന്നുമുണ്ട്. അതിലുമുപരിയായി, ആ പുരോഗതി സാവധാനത്തിലും സാവകാശത്തിലും മാത്രമാകാനേ നിവൃത്തിയുള്ളൂ. എന്തുകൊണ്ടെന്നാൽ, പുരോഗതിയുടെ ഓരോ ഘട്ടത്തിലും, അടുത്ത ഘട്ടത്തിലേക്ക് കടക്കാൻ നമുക്ക് കഴിയുന്നതിന് മുമ്പ്, നാം ഹ്രസ്വമായ പരിശീലനപരിപാടിയിലൂടെ കടന്നുപോകുന്നത് ആവശ്യമായേക്കും. കാരണം, പാശ്ചാത്യദേശങ്ങളിലെ ഉചിതമായ സ്ഥാപനങ്ങൾക്കാവശ്യമായ ഉത്തരവാദിത്വബോധം പ്രായോഗികപരിശീലനത്തിലൂടെയും പരീക്ഷണത്തിലൂടെയും മാത്രമേ പൗരസ്ത്യദേശത്തെ ഒരു ജനതയ്ക്ക് നേടാൻ കഴിയുകയുള്ളൂ. ഇത് യുക്തിയുക്തമായ ഒരഭിപ്രായമാണ്. ഇത് സമ്മതിക്കുക എന്നതിന് ഭരണപരിഷ്ക്കാരത്തിനു വേണ്ടിയുള്ള എല്ലാ പരിശ്രമങ്ങളെയും, ജനങ്ങൾ അതിനു തയ്യാറായിക്കഴിഞ്ഞിട്ടില്ലെന്ന ന്യായംപറഞ്ഞ്, സാധാരണയായി എതിർത്തു വരാറുള്ളവരോട് ഏതെങ്കിലും വിധത്തിൽ യോജിപ്പു പ്രകടിപ്പിക്കുക എന്നർത്ഥമില്ല”.

## 4 തീവ്രവാദികളുടെ അരങ്ങേറ്റം

എന്നാൽ, പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്ക് ബാലഗംഗാധര തിലകൻ, ബിപിൻ ചന്ദ്രപാൽ, അരവിന്ദ് ഘോഷ്, ലാലാലജ്പത് റായി തുടങ്ങിയ നേതാക്കന്മാരുടെ പുതിയൊരു തലമുറ മിതവാദി നേതാക്കൾ പിന്തുടർന്നുവന്ന നയങ്ങളോട് അസംതൃപ്തി പ്രകടിപ്പിക്കാൻ തുടങ്ങിയിരുന്നു. രാജഭക്തി പ്രമേയങ്ങളുടെയും ബ്രിട്ടീഷ് പാർലമെന്റിനോടുള്ള വിനീതാഭ്യർത്ഥനകളുടെയും ഫലശൂന്യത അവർ തുറന്നുകാട്ടുകയും സാമ്രാജ്യത്വത്തിനെതിരായ ബഹുജനപ്രക്ഷോഭങ്ങളഴിച്ചുവിടുന്നതിനു കൂടുതൽ സജീവവും ഊർജസ്വലവുമായ നയങ്ങളും പരിപാടികളും ആവിഷ്കരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. 1895-ൽ പൂനയിൽ വെച്ചുകൂടിയ കോൺഗ്രസ് സമ്മേളനത്തിനു തൊട്ടുമുമ്പ് തിലകൻ എഴുതി: "സാമൂഹ്യപരിഷ്കരണ പ്രശ്നത്തെ വകവെക്കാതെ കഴിയുന്നേടത്തോളം കൂടുതൽ ജനവിഭാഗങ്ങളെ കോൺഗ്രസിലേക്കാകർഷിക്കണമെന്ന് ഒരു കക്ഷി (അതായത് തന്റെ സ്വന്തം കക്ഷി) ആഗ്രഹിക്കുന്നു. മറ്റേ കക്ഷി സാമൂഹ്യപരിഷ്കാരത്തിന് വേണ്ടി നിലകൊള്ളുന്ന സുഹൃത്തുക്കളുടെ വൃത്തത്തിൽ നിന്ന് വളരെയൊന്നും മുന്നോട്ടു പോവാനാഗ്രഹിക്കുന്നില്ല. പൂനയിലെ കോൺഗ്രസ് ജനങ്ങളുടെ കോൺഗ്രസാകണോ അതോ ഒരു വിഭാഗത്തിന്റെ മാത്രം കോൺഗ്രസാകണോ എന്നതാണ് യഥാർത്ഥപ്രശ്നം". [1] 1896-ൽ തിലകൻ എഴുതി:

> "കഴിഞ്ഞ പന്തീരാണ്ടുകാലമായി നാം, ഗവണ്മെന്റ് നമ്മുടെ മുറവിളി കേൾക്കണമെന്നഭിലഷിച്ചുകൊണ്ട്, ഉച്ചത്തിൽ മുറവിളി കൂട്ടുകയായിരുന്നുവല്ലോ. എന്നാൽ, നമ്മുടെ മുറവിളി ഒരു ചീവീടിന്റെ ശബ്ദത്തിൽ കൂടുതലായൊന്നും ഗവണ്മെന്റിനെ ബാധിച്ചിട്ടില്ല. നമ്മുടെ ഭരണാധികാരികൾ നമ്മെ അവിശ്വസിക്കുന്നു. അഥവാ അവിശ്വസിക്കുന്നതായി നടിക്കുന്നു. ഇനി നമുക്ക് ശക്തമായ ഭരണഘടനാവിധേയമാർഗ്ഗങ്ങൾ മുഖേന നമ്മുടെ അവശതകൾ അവരുടെ ചെവികളിൽ അടിച്ചുകയറ്റാൻ ശ്രമിച്ചു നോക്കാം". [2]

1902-ൽ പൂനയിൽ ചെയ്ത ഒരു പ്രസംഗത്തിൽ സാമ്രാജ്യത്വത്തിനെതിരായി കലാപമുയർത്താൻ തിലകൻ തുറന്ന മട്ടിൽത്തന്നെ ജനങ്ങളോടാഹ്വാനം ചെയ്തു: "ഇന്ത്യയിൽ ഭരണം നടത്തിക്കൊണ്ടു പോകുന്നത് യാതൊന്നു കൊണ്ടാണോ, ആ ശക്തിയിൽ നിങ്ങൾ വമ്പിച്ചൊരു ഘടകമാണെന്നു സ്വയം മനസ്സിലാക്കണം. ആ ഭീമയന്ത്രത്തെ അത്രയും സുഗമമായി പ്രവർത്തിക്കാൻ പ്രാപ്തമാക്കുന്ന പ്രയോജനകരമായ സ്നിഗ്ധപദാർത്ഥം നിങ്ങൾ തന്നെയാണ്. അടിച്ചമർത്തപ്പെട്ടവരും അവഗണിക്കപ്പെട്ടവരുമാണെങ്കിലും ഭരണനിർവഹണം, വേണമെന്നു വിചാരിച്ചാൽ, അസാദ്ധ്യമാക്കിത്തീർക്കാൻ വേണ്ട ശക്തി നിങ്ങൾക്കുണ്ടെന്ന ബോധം ഉണ്ടാവണം. നിങ്ങളാണ് തീവണ്ടിയും കമ്പിത്തപാലും നടത്തിക്കൊണ്ടുപോകുന്നത്. നിങ്ങളാണ് സ്വത്തുവിവരങ്ങൾ തിട്ടപ്പെടുത്തുന്നതും നികുതികൾ പിരിക്കുന്നതും. വാസ്തവത്തിൽ, നിങ്ങൾ തന്നെയാണ്, കീഴാളരുടെ നിലയിലാണെങ്കിൽ കൂടി, ഭരണനിർവഹണത്തിനു വേണ്ട സമസ്ത കാര്യങ്ങളും ചെയ്യുന്നത്. ഈ രീതിയിൽ മടുപ്പൻജോലി ചെയ്യുന്നതിനേക്കാൾ, രാഷ്ട്രത്തിനു കൂടുതൽ നന്നായി പ്രയോജനപ്പെടുമാറ്, നിങ്ങളുടെ കൈകൾ തിരിക്കാൻ കഴിയില്ലേ എന്നു നിങ്ങൾ പര്യാലോചിക്കേണ്ടിയിരിക്കുന്നു". [3]

തിലകനാണ് സ്വയംഭരണത്തെപ്പറ്റി ആദ്യമായി ഇങ്ങനെ പ്രഖ്യാപിച്ചത്: "സ്വരാജ്യം എന്റെ ജന്മാവകാശമാണ്, ഞാനതു നേടുകയും ചെയ്യും". ബ്രിട്ടീഷ് മേധാവിത്വത്തിൽ നിന്നുള്ള സ്വാതന്ത്ര്യപ്രാപ്തി, അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം മതപരമായ ഒരു ദൗത്യമായിരുന്നു. "നമ്മുടെ ജീവിതവും നമ്മുടെ ധർമ്മവും, സ്വരാജ്യത്തിന്റെ അഭാവത്തിൽ, വൃഥാവിലാണ്".

1893-ൽ "ഇന്ദുപ്രകാശ്" എന്ന ഒരു പത്രത്തിൽ "പഴയ വിളക്കുകൾക്കുപകരം പുതിയ വിളക്കുകൾ" എന്ന തലക്കെട്ടിൽ എഴുതിയ ഒരു ലേഖനപരമ്പരയിൽ അരവിന്ദഘോഷ് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ മിതവാദിത്വപരവും യാഥാസ്ഥിതികവുമായ രാഷ്ട്രീയനയത്തെ നിശിതമായി വിമർശിക്കുകയുണ്ടായി. പ്രതിഷേധങ്ങളും പ്രാർത്ഥനകളും മെമ്മോറാണ്ടങ്ങളും രാജ്യത്തെ ഒരിക്കലും സ്വാതന്ത്ര്യത്തിലേക്ക് നയിക്കുകയില്ലെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. ഊർജസ്വലവും ആത്മവിശ്വാസപൂർണ്ണവും ധീരവുമായ ഒരു നേതൃത്വം വേണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളിൽ അദ്ദേഹം രഹസ്യമായ പല വിപ്ലവസംഘടനകളുമായും സമ്പർക്കം സ്ഥാപിക്കുകയും "വന്ദേമാതരം" എന്ന തന്റെ പത്രത്തിലെ പംക്തികൾ മുഖേന ബ്രിട്ടീഷ് ഭരണത്തിനെതിരായ പുതിയൊരു സമരപരിപാടിക്കുവേണ്ടി പ്രക്ഷോഭം നടത്തുകയും ചെയ്തു. തിലകനും അരവിന്ദഘോഷും ഉയർത്തിപ്പിടിച്ച തീവ്രവാദപരമായ കർമ്മപരിപാടി നിസ്സഹകരണം, ബഹിഷ്കരണം, സ്വദേശി, ദേശീയവിദ്യാഭ്യാസം എന്നീ ആശയങ്ങളിലധിഷ്ഠിതമായിരുന്നു. അരവിന്ദൻ "വന്ദേമാതര"ത്തിൽ ഇങ്ങനെ എഴുതി: "സ്വദേശി, ബഹിഷ്കരണം, നിസ്സഹകരണം, ദേശീയവിദ്യാഭ്യാസം—ഇവയെല്ലാം വേവ്വെറെയായി, ഓരോ ഇനത്തെയും അതാതിനുവേണ്ടി മാത്രമായി, നടപ്പിൽ വരുത്താൻ ശ്രമിച്ചാൽ നമ്മൾ പരാജയപ്പെടുകയേയുള്ളൂ. മറിച്ച്; സംഘടിതസ്വാതന്ത്ര്യം സമ്പാദിക്കുന്നതിനുള്ള ഒരൊറ്റ സംയോജിത പരിശ്രമത്തിന്റെ ഭാഗമെന്ന നിലയിൽ അവ ഇന്നത്തെ ആവശ്യകതയാകുന്നു. അവ സ്വരാജിന്റെ ഘടകങ്ങൾ മാത്രമാണ്. അവയെയെല്ലാം ഒരുമിച്ചുചേർത്ത് സമ്പൂർണ്ണമായ ഒന്നാക്കിരഞ്ജിപ്പിക്കലാണ് സ്വരാജ്യം".

ഇങ്ങനെ കോൺഗ്രസിലെ മിതവാദി–തീവ്രവാദി വിഭാഗങ്ങൾ തമ്മിൽ വീക്ഷണഗതിയിലെന്നപോലെ കർമ്മപരിപാടിയിലും വ്യത്യാസങ്ങൾ പൊന്തിവന്നു. കോൺഗ്രസിന്റെ ഒരു ചരിത്രകാരൻ കൂടിയായ പട്ടാഭി സീതാരാമയ്യ തീവ്രവാദിയായ തിലകനെ മിതവാദിയായ ഗോഖലെയുമായി താരതമ്യപ്പെടുത്തുന്നത് താഴെ കാണിച്ച പ്രകാരമാണ്:

> "ഗോഖലെയുടെ പ്രധാനശുഷ്കാന്തി ഭരണനിർവഹണത്തിന്റെയും അതു മെച്ചപ്പെടുത്തുന്നതിന്റെയും കാര്യത്തിലായിരുന്നു. തിലകന്റെ പരമമായ പരിഗണന രാഷ്ട്രവും അതിന്റെ നിർമ്മാണവുമായിരുന്നു. സ്നേഹവും സേവനവുമായിരുന്നു ഗോഖലെയുടെ ആദർശം. തിലകന്റേതാകട്ടെ, സേവനവും ത്യാഗവും. ഗോഖലെയുടെ മാർഗ്ഗങ്ങൾ വിദേശീയനെ സ്വാധീനിച്ച് വശത്താക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളവയായിരുന്നു. തിലകന്റേതാകട്ടെ അവനെ മാറ്റി വെക്കുന്നതിലും. ഗോഖലെ ഉയർന്ന വർഗ്ഗങ്ങളുടെയും ബുദ്ധിജീവികളുടെയും നേർക്കാണ് ഉറ്റുനോക്കിയത്. തിലകനാകട്ടെ, സാധാരണക്കാരായ ജനലക്ഷങ്ങളുടെ നേർക്കും. ഗോഖലെയുടെ പ്രവർത്തനരംഗം നിയമസഭാമണ്ഡലത്തിലായിരുന്നു. തിലകന്റെ വേദിയാകട്ടെ, ഗ്രാമമണ്ഡപവും. ഗോഖലെയുടെ പ്രകാശനമാധ്യമം ഇംഗ്ലീഷായിരുന്നു. തിലകന്റേതു മറാഠിയും. ഗോഖലെയുടെ ലക്ഷ്യം സ്വയംഭരണമായിരുന്നു; അതിന് ഇംഗ്ലീഷുകാർ നിർദ്ദേശിച്ച പരീക്ഷണങ്ങളിൽ വിജയം നേടിക്കൊണ്ട് ജനങ്ങൾ സ്വയം അർഹരാവേണ്ടതുണ്ടായിരുന്നു. തിലകന്റെ ലക്ഷ്യം ഓരോ ഇന്ത്യക്കാരന്റെയും ജന്മാവകാശമായ സ്വരാജായിരുന്നു; അത് വിദേശീയന്റെ തടസ്സമോ നിരോധമോ കൂടാതെ അവന് ലഭിക്കുകയും വേണം". [4]

മിതവാദികളും തീവ്രവാദികളും തമ്മിലുള്ള വിടവ് അനുക്രമം വർദ്ധിച്ചുവന്നു. ദേശീയപ്രസ്ഥാനത്തിന്റെ നേതൃത്വത്തിനു വേണ്ടിയുള്ള ഒരു തുറന്ന സമരം തന്നെ നടന്നു. ഏറെ താമസിയാതെ തന്നെ മിതവാദികൾക്ക് തങ്ങളുടെ സ്ഥാനം നഷ്ടപ്പെട്ടുവരികയാണെന്ന് വ്യക്തമാവുകയും ചെയ്തു. അധികമധികം ആളുകൾ തീവ്രവാദികളുടെ പിന്നിൽ അണിനിരക്കാൻ തുടങ്ങി. സ്വാതന്ത്ര്യപ്രസ്ഥാനം ഒരു ബഹുജനപ്രസ്ഥാനത്തിന്റെ സ്വഭാവം കൈക്കൊള്ളുകയായിരുന്നു. ഈ പുതിയ സ്ഥിതിവിശേഷം രാഷ്ട്രീയ നേതാക്കളുടെ പ്രസംഗങ്ങളിൽ വ്യക്തമായും പ്രതിഫലിക്കുകയുണ്ടായി. ഉദാഹരണത്തിന്, 1906-ൽ തിലകൻ പറഞ്ഞു: "നിങ്ങളുടെ ഭാവി തികച്ചും നിങ്ങളുടെ തന്നെ കൈകളിലാണ് സ്ഥിതിചെയ്യുന്നതെന്നു മനസ്സിലാക്കുക. നിങ്ങൾക്കു സ്വതന്ത്രരാവണമെന്നുണ്ടെങ്കിൽ സ്വതന്ത്രരാവാൻ കഴിയും. സ്വതന്ത്രരാവണമെന്നില്ലെങ്കിലോ, നിങ്ങൾ അധഃപതിക്കുകയും എന്നെന്നും അധഃപതിച്ചവരായിത്തന്നെ കിടക്കുകയും ചെയ്യും. നിങ്ങളിൽ വളരെ പേരൊന്നും ആയുധമെടുക്കണമെന്നില്ല; നിങ്ങൾക്ക് സജീവമായ ചെറുത്തുനിൽപ്പിനുള്ള ശക്തിയില്ലെങ്കിൽ പോലും ഈ വിദേശീയ ഗവണ്മെന്റിന്റെ ഭരണത്തിന് സഹായം നൽകാതിരിക്കാൻ വേണ്ട സ്വയം നിഷേധത്തിന്റെയും ആത്മത്യാഗത്തിന്റെയും ശക്തി നിങ്ങൾക്കില്ലേ? ഇതാണ് ബഹിഷ്കരണം. ബഹിഷ്കരണം ഒരു രാഷ്ട്രീയായുധമാണ് എന്നു പറയുമ്പോൾ ഇതാണ് ഞങ്ങൾ അർത്ഥമാക്കുന്നത്. അതിർത്തിക്കപ്പുറത്ത്, അഥവാ ഇന്ത്യക്ക് പുറത്ത്, യുദ്ധം ചെയ്യുന്നതിന് നമ്മുടെ രക്തം കൊണ്ടും പണം കൊണ്ടും നാമവരെ സഹായിക്കുകയില്ല. നമുക്ക് നമ്മുടെ സ്വന്തമായ കോടതികളുണ്ടാക്കണം. മാത്രമല്ല, സമയം വരുമ്പോൾ നാം നികുതി കൊടുക്കാൻ വിസമ്മതിക്കുകയും ചെയ്യും. നിങ്ങളുടെ ഏകീകൃതപരിശ്രമങ്ങൾ മുഖേന നിങ്ങൾക്കിതു ചെയ്യാൻ കഴിയുമോ? നിങ്ങൾക്കിതു കഴിയുമെങ്കിൽ നാളെ മുതൽ നിങ്ങൾ സ്വതന്ത്രരാണ്". [5]

ഈ പുതിയ മുന്നേറ്റത്തിനു പശ്ചാത്തലം നൽകിയതു ലോകരംഗത്തെ പിടിച്ചുകുലുക്കിയ ചില സുപ്രധാനസംഭവങ്ങളാണ്. അവയിൽ വെച്ചേറ്റവും പ്രാധാന്യമർഹിക്കുന്നത് ജപ്പാൻ സാറിസ്റ്റ റഷ്യക്ക് ഏൽപ്പിച്ച പരാജയമാണ്. ഒരേഷ്യൻ രാജ്യത്തിന്റെ കൈകളിൽ നിന്ന് ഒരു യൂറോപ്യൻ ശക്തിക്കേറ്റ ഈ പരാജയം, പിന്നണി രാജ്യങ്ങളിൽ പ്രത്യേകിച്ചും, അത്ഭുതവും ആവേശവും ഉളവാക്കി. പാശ്ചാത്യർ എത്ര തന്നെ ശാസ്ത്രീയ കാര്യക്ഷമതയുള്ളവരായിരുന്നാലും ഏഷ്യൻ ഭാഗധേയത്തിന്റെ അജയ്യരായ ഉടമകളൊന്നുമല്ല എന്ന ഒരാത്മവിശ്വാസം പൗരസ്ത്യദേശത്തെ മർദ്ദിതജനങ്ങളിൽ ഉയർന്നുവന്നു. 1905-ൽ കരുത്തുറ്റ സാറിസ്റ്റ സാമ്രാജ്യത്വത്തെ പിടിച്ചുകുലുക്കിയ ആദ്യത്തെ റഷ്യൻ വിപ്ലവത്തെക്കുറിച്ചുള്ള വാർത്തയും ഈ ആത്മവിശ്വാസത്തെ ശക്തിപ്പെടുത്തി.

---

1. Ramgopal: Lokamanya Tilak, P. 112.
2. Balgangadhar Tilak: Speeches and Writings.
3. Ibid, P. 77.
4. Pattabhi Sitaramayya: History of the Indian National Congress.
5. Bala Gangadhara Tilak: Speeches and Writings

## 5 ബംഗാൾ വിഭജനം

ഒരു ദേശീയ പ്രക്ഷോഭത്തിന്റെ തീപ്പൊരിയുയർത്തിയ അടിയന്തര സംഭവം ബംഗാൾ വിഭജനമായിരുന്നു. ബ്രിട്ടീഷ് ഭരണാധികാരികൾ ഭരണസൗകര്യത്തിനെന്നും പറഞ്ഞ് ബംഗാളിനെ രണ്ടായി വിഭജിക്കാൻ തീരുമാനിച്ചു. ഇതു ബംഗാളി ദേശാഭിമാനികളെ അരിശം കൊള്ളിച്ചു. അവർ സമാരംഭിച്ച പ്രക്ഷോഭം ഇന്ത്യയിലൊട്ടുക്കും പടർന്നു പിടിക്കുകയും ചെയ്തു. ബഹിഷ്കരണം ഒരു രാഷ്ട്രീയായുധമായിത്തീർന്നു. ഇന്ത്യയിൽ തൊഴിലാളിവർഗ്ഗം ഇദംപ്രഥമമായി രാഷ്ട്രീയസമരത്തിൽ ചേർന്നു.

മിതവാദികളും തീവ്രവാദികളും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ 1907 ആയപ്പോഴേക്കും കോൺഗ്രസിനെ പരസ്യമായ ഒരു പിളർപ്പിന്റെ വക്കത്തെത്തിച്ചു. ഈ സംഭവവികാസങ്ങളെ ജവഹർലാൽ നെഹ്റു താഴെ പറയുംവിധം വിവരിക്കുകയുണ്ടായി: “മുദ്രാവാക്യങ്ങൾ വായുമണ്ഡലത്തിൽ മാറ്റൊലികൊണ്ടു. ക്ഷോഭം പെരുകി. സംഘർഷം അനിവാര്യമായി. അതുകൂടാതെ കഴിക്കാൻ സർവാദൃതനും നാട്ടിലെങ്ങും പിതാവിനെപ്പോലെ കരുതപ്പെടുന്ന ആളുമായ ദാദാഭായി നവറോജിയെ, കോൺഗ്രസിന്റെ ആ പഴയ പിതാമഹനെ, വിശ്രമസ്ഥാനത്തുനിന്ന് മുന്നോട്ടുകൊണ്ടുവന്നു. പക്ഷേ, അതുകൊണ്ടുണ്ടായ ആശ്വാസം അല്പകാലമേ നിലനിന്നുള്ളൂ. 1907-ൽ ഏറ്റുമുട്ടലുണ്ടായി. പുറംകാഴ്ചയ്ക്ക് അതിന്റെ ഫലം പഴയ മിതവാദിവിഭാഗത്തിന് ഒരു വിജയമായിരുന്നു. എന്നാൽ, സംഘടനാപരമായ നിയന്ത്രണത്തിന്റെയും കോൺഗ്രസിന്റെ അന്നത്തെ ഇടുങ്ങിയ വോട്ടവകാശ വ്യവസ്ഥയുടെയും ഫലമായിട്ടാണ് അവർ ഈ വിജയം നേടിയത്. രാജ്യകാര്യങ്ങളിൽ മനസ്സ് ചെലുത്തുന്ന ഇന്ത്യക്കാരിൽ വലിയൊരു ഭൂരിപക്ഷം തിലകനെയും അദ്ദേഹത്തിന്റെ കക്ഷിയെയും അനുകൂലിച്ചു എന്നതിനു സംശയമില്ല. കോൺഗ്രസിന്റെ പ്രാധാന്യം വളരെയേറെ കുറഞ്ഞുപോയി. മറ്റു പ്രവർത്തനങ്ങളിലായി ജനങ്ങൾക്കു താല്പര്യം. ബംഗാളിൽ ഭീകരപ്രവർത്തനം പ്രത്യക്ഷപ്പെട്ടു. റഷ്യയിലെയും ഐർലന്റിലെയും വിപ്ലവകാരികൾ കാട്ടിയ മാതൃക അനുകരിക്കപ്പെടുകയായിരുന്നു”. [6]

നാഷണൽ കോൺഗ്രസിലെ അഭിപ്രായഭിന്നതകളും പിളർപ്പും ശക്തിയേറിയ ഒരു പ്രത്യാക്രമണം നടത്താൻ ഗവണ്മെന്റിനു ധൈര്യം നൽകി. തിലകനും അരവിന്ദഘോഷുമുൾപ്പടെ പല തീവ്രവാദി നേതാക്കളും അറസ്റ്റ് ചെയ്യപ്പെട്ടു. തിലകനെ രാജദ്രോഹകുറ്റത്തിനു വിചാരണ ചെയ്ത് ആറുവർഷത്തെ നാടുകടത്തലിനു ശിക്ഷിക്കുകയും ബർമ്മയിലെ മാൻഡലേ ജയിലിലേക്ക് അയക്കുകയും ചെയ്തു. ആ മഹാനായ നേതാവിനെ ശിക്ഷിച്ചതിൽ പ്രതിഷേധിച്ച് രാജ്യവ്യാപകമായ ബഹുജനപ്രകടനങ്ങളും പണിമുടക്കങ്ങളുമുണ്ടായി.

ലെനിൻ അക്കാലത്ത് ഇങ്ങനെ എഴുതി: “ഇന്ത്യയിലെ സാധാരണക്കാരൻ തന്റെ സാഹിത്യകാരന്മാരുടെയും രാഷ്ട്രീയ നേതാക്കളുടെയും സംരക്ഷണത്തിനുവേണ്ടി മുന്നോട്ടുവരാൻ തുടങ്ങിയിരിക്കുന്നു. ഇന്ത്യൻ ജനാധിപത്യവാദിയായ തിലകനെതിരായി ബ്രിട്ടീഷ് കുറുനരികൾ വിധിച്ച കുപ്രസിദ്ധമായ ശിക്ഷ (അദ്ദേഹത്തെ ദീർഘകാലാവധിക്കു ശിക്ഷിക്കുകയുണ്ടായി). ഇന്ത്യൻ ജൂറിയംഗങ്ങൾ അദ്ദേഹത്തെ വിട്ടയയ്ക്കണമെന്ന് നിർബന്ധിച്ചിരുന്നുവെന്നും ബ്രിട്ടീഷുകാരായ ജൂറിയംഗങ്ങളുടെ വോട്ടുകൊണ്ടാണ് വിധി പാസ്സാക്കപ്പെട്ടതെന്നും ഈയടുത്ത ദിവസം കോമൺസ് സഭയിൽ ഉന്നയിക്കപ്പെട്ട ഒരു ചോദ്യത്തെ തുടർന്ന് വെളിപ്പെട്ടിട്ടുണ്ട്, പണച്ചാക്കുകളുടെ സിൽബന്ധികൾ ഒരു ജനാധിപത്യവാദിക്കെതിരായി കൈക്കൊണ്ട ഈ പ്രതികാരം, ബോംബെയിൽ തെരുവുപ്രകടനങ്ങളും ഒരു പണിമുടക്കവും ഉയർത്തിവിടുകയുണ്ടായി”.

തിലകനെപ്പോലെയും അരവിന്ദഘോഷിനെപ്പോലെയുമുള്ള മഹാന്മാർ നയിച്ച ഒരു പ്രസ്ഥാനം ഇത്രവേഗം അലസിപ്പോയതെങ്ങനെയാണ്? ബ്രിട്ടീഷ് ഭരണാധികാരികൾക്ക് ആ സമരത്തെ, താൽക്കാലികമായിട്ടാണെങ്കിൽ കൂടി, അടിച്ചമർത്താൻ കഴിഞ്ഞതെങ്ങനെയാണ്? ഭാഗികമായി അന്ന് ഇന്ത്യയിൽ നിലവിലിരുന്ന സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങളിലും, ഭാഗികമായി ദേശീയപ്രസ്ഥാനത്തിന്റെ തന്നെ ദൗർബല്യത്തിലുമാണ് ഇതിനുള്ള ഉത്തരം കിടക്കുന്നത്. കൽക്കത്തയെപ്പോലെയും ബോംബെയെപ്പോലെയുമുള്ള ഒറ്റപ്പെട്ട കേന്ദ്രങ്ങളിൽ സ്വാതന്ത്ര്യസമരം ഒരു ബഹുജനസ്വഭാവം കൈക്കൊള്ളുകയുണ്ടായെങ്കിലും രാജ്യത്തെ വിശാല ജനവിഭാഗങ്ങൾ അപ്പോഴും രാഷ്ട്രീയമായി പിന്നോക്കാവസ്ഥയിലും ഉദാസീനതയിലുമായിരുന്നു. ജനങ്ങൾ പുരോഗമന കാംക്ഷികളും രാഷ്ട്രീയബോധമുള്ളവരുമായിരുന്ന ഇടങ്ങളിൽ പോലും സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ വളർച്ച ഇടുങ്ങിയ ഹിന്ദുദേശീയ വാദത്തിന്റെ പരിമിതികളാൽ തടയപ്പെടുകയും ചെയ്തു.

---

6. Nehru: Discovery of India, PP. 356–57.

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്ന കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 6

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. വിശിഷ്ടാദ്വൈതം, ദ്വൈതം, ദ്വൈതാദ്വൈതം
2. ശിവനും ശക്തിയും
3. ഏകതത്വവാദവും മതവിശ്വാസവും
4. ഇസ്ലാംമതവും പിൽക്കാല നാട്ടുവാഴിത്തവും
5. ഇസ്ലാമിലെ ഗൂഢാർഥവാദവും വിമതപ്രസ്ഥാനങ്ങളും
6. ഭക്തിപ്രസ്ഥാനം
7. ബ്രിട്ടീഷ് ഭരണം
8. പാശ്ചാത്യചിന്തയുടെ സ്വാധീനം
9. രാജാറാം മോഹൻ റായ്
10. സാമൂഹ്യപരിഷ്കാരവും മതപുനരുദ്ധാരണവും
11. സ്വാമി വിവേകാനന്ദൻ
12. ഇസ്ലാമിലെ പുനരുത്ഥാനവും നവോത്ഥാനവും
13. മിതവാദികളും തീവ്രവാദികളും
14. തീവ്രവാദികളുടെ തത്വശാസ്ത്രം
15. മതവും ദേശീയപ്രസ്ഥാനവും
16. രവീന്ദ്രനാഥ ടാഗോർ
17. ഇഖ്ബാൽ
18. മഹാത്മാഗാന്ധി
19. മാർക്സിസത്തിന്റെ സ്വാധീനം
20. ജവഹർലാൽ നെഹ്റു
21. സ്വാതന്ത്ര്യലബ്ധിക്കു ശേഷം
22. ഭാരതീയചിന്ത എങ്ങോട്ട്?


### വെബ് പതിപ്പ കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014